**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് മഞ്ചേശ്വരം മണ്ഡലത്തിൽ നടത്തിയ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഈ വർഷം നടത്തിയ വിവിധ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിയ്ക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിച്ചിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകുവാൻ 155 സ്കൂളുകളും 45 കോളേജുകളും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ/കോളേജ്തല യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന, ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. 2023 ഫെബ്രുവരി 15,16,17 തീയതികളിൽ യൂത്ത്/മോഡൽ പാർലമെന്റ് റിപ്പീറ്റ് പെർഫോമൻസ്, മികച്ച പാർലമെന്ററിയൻമാർക്കുള്ള ക്യാമ്പ്, സ്കൂൾ/കോളേജ്തലത്തിൽ വിജയികളായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള സമ്മാനദാനം എന്നിവ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും പൊതുസമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പരിപാടികൾക്ക് പുറമേ ജനപ്രതിനിധികളെയും ഭരണഘടനാ വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് ഭരണഘടനാ |

| | | | |
|---|---|---|---|
| | | | ദിനാഘോഷവും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി ജില്ലാ കോ-ഓർഡിനേറ്റർമാരെയും സ്കൂൾ-കോളേജ്തലത്തിൽ അധ്യാപക—വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | മഞ്ചേശ്വരം മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ വിവിധ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പരിപാടികൾ FDSJ മുഖേന ആയിരിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും FDSJ രൂപീകരിക്കുന്നതു സംബന്ധിച്ച് അറിയിപ്പ് എല്ലാ നിയമസഭാ സാമാജികർക്കും നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബഹു.മഞ്ചേശ്വരം എം.എൽ.എ മണ്ഡലത്തിൽ FDSJ രൂപീകരിക്കേണ്ട സ്കൂളുകളുടെയും കോളേജുകളുടെയും പട്ടിക ലഭ്യമാക്കിയിരുന്നു. അതിൻ പ്രകാരം FDSJ രൂപീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ/ എയ്ഡഡ് മേഖലകളിലുള്ള സ്കൂൾ/കോളേജുകൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് അറിയിപ്പ് നൽകിയിരുന്നു. ഇപ്പോൾ മഞ്ചേശ്വരം മണ്ഡലത്തിലെ 2 സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | മഞ്ചേശ്വരം എം.എൽ.എ. നിർദേശിച്ച ഏതൊക്കെ വിദ്യാലയങ്ങളിലാണ് പ്രസ്തുത പ്രോഗ്രാം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | FDSJ-യുടെ നേതൃത്വത്തിൽ പരിപാടികൾ നടത്തുന്നതിനു വേണ്ടി മഞ്ചേശ്വരം എം.എൽ.എ നിർദേശിച്ച സ്കൂൾ /കോളേജുകൾ ചുവടെ ചേർക്കുന്നു.<br>1. IHRD Applied Science College, Manjeswaram<br>2. Govinda Pai Govt. College<br>3. HSS Bangara Manjeshwar<br>4. GHSS Mangalpadi<br>5. GVHSS Heroormeepri<br>6. GHSS Kumbla<br>7. GHS Kadambar<br>8. GHS Kodiyamme<br>9. GHSS Uppala<br>10. GHSS Paivalika Nagar<br>11. GVHSS Mogral |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്കൂൾ/കോളേജുകളിൽ FDSJ രൂപീകരിക്കാനുള്ള അറിയിപ്പ് നൽകിയിരുന്നു. ഇതിൽ GHS Kadambar, GVHSS Mogral എന്നീ സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് FDSJ മുഖാന്തിരം നിർദ്ദേശിച്ച പരിപാടികൾ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ